ഡോ. തോമസ് ഐസക് : സർ, രണ്ട് കാര്യങ്ങൾ തീരുമാനിച്ചിട്ടുണ്ട്. ഒന്ന്, ഇനിമേൽ റോഡിന്റെ റെസ്റ്റോറേഷൻ മറ്റു വകുപ്പുകൾ ചെയ്യുന്നതല്ല, പി.ഡബ്ല്യു.ഡി. തന്നെ ചെയ്യുന്നതാണ്. അല്ലാതെയുള്ള എം.ഒ.യു. വർക്കുകൾ ഇനി ഉണ്ടാവുകയില്ല. രണ്ടാമത്തേത്, വർഷാദ്യം വിവിധ വകുപ്പുകൾ ചേർന്ന് എന്തൊക്കെ പണികളാണ് അടുത്ത വർഷം ചെയ്യാൻ പോകുന്നതെന്ന് നോക്കി ഇതെല്ലാം കോ-ഓർഡിനേറ്റ് ചെയ്തുകൊണ്ടുള്ള ഒരു തീരുമാനമെടുക്കും. ആ തീരുമാനപ്രകാരമേ ഇനി റോഡ് കുഴിക്കാൻ അനുവദിക്കുകയുള്ളൂ.

(ചോദ്യോത്തര സമയം കഴിഞ്ഞു.)

2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ

(i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

കേരള സ്റ്റേറ്റ് ഐ.ടി. ഇൻഫ്രാസ്ട്രക്ചർ

5 (*605) ശ്രീ. സി. പി. മുഹമ്മദ് :
ശ്രീ. ജി. കാർത്തികേയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതിയ ഐ.ടി. പാർക്കുകളുടെ വികസനത്തിനായി സംസ്ഥാന സർക്കാർ രൂപം നൽകിയ സംരക്ഷണ കമ്പനിയായി കേരള സ്റ്റേറ്റ് ഐ.ടി. ഇൻഫ്രാസ്ട്രക്ചർ നിലവിൽ വന്നുവോ ;

(ബി) ഇതിന്റെ പ്രവർത്തന മൂലധനമായി എത്ര കോടി രൂപയാണ് സ്വരൂപിക്കുന്നത് ;

(സി) സർക്കാരിന്റെ വിഹിതമായി എത്ര കോടി രൂപ ഇതുവരെ പ്രസ്തുത കമ്പനിക്കായി മുതൽമുടക്കി എന്ന് അറിയിക്കുമോ ;

(ഡി) 49% ഓഹരികൾക്കായുള്ള ധനസമാഹരണത്തിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചു ;

(ഇ) പ്രസ്തുത കമ്പനിയിൽ ഓഹരി പങ്കാളിത്തം നേടുന്നതിന് ഏതൊക്കെ സ്വകാര്യ സംരംഭകർ താല്പര്യം പ്രകടിപ്പിച്ചിട്ടുണ്ട് ;

(എഫ്) പൊതുജനങ്ങൾക്കായി എത്ര ശതമാനം ഓഹരികളാണ് മാറ്റി വച്ചിട്ടുള്ളത് ;

(ജി) ഇതിന്റെ ധനസമാഹരണത്തിനായി പബ്ലിക് ഇഷ്യൂവിലൂടെ ഓഹരി വിതരണം നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ ഇതു സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ ?

മുഖ്യമന്ത്രി (ശ്രീ. വി. എസ്. അച്ചുതാനന്ദൻ) :

(എ) സംസ്ഥാനത്തെ ഐ.ടി. വികസനത്തിനായി നിലവിലുള്ള സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനും പുതിയ അടിസ്ഥാന സൗകര്യങ്ങൾ സൃഷ്ടിക്കുന്നതിനും ലക്ഷ്യമിട്ട് കേരള സ്റ്റേറ്റ് ഐ.ടി. ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡ്

LIBRARY ARCHIVES Kerala Legislative Assembly

എന്ന പേരിലുള്ള കമ്പനി 31-1-2008-ൽ രജിസ്റ്റർ ചെയ്ത് 5-3-2008 മുതൽ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

(ബി & സി) ഈ കമ്പനിയിലെ സർക്കാർ ഓഹരി പങ്കാളിത്തം 51% ആണ്. ഈ ഇനത്തിൽ ഇതുവരെ 40.10 കോടി രൂപാ ഈ കമ്പനിക്ക് ഓഹരി മൂലധനമായി സർക്കാർ നൽകിയിട്ടുണ്ട്. കൂടാതെ ഐ.ടി. പാർക്കുകൾ സ്ഥാപിക്കുന്നതിനായി കമ്പനിക്ക് സർക്കാർ ഇതുവരെ വില നിശ്ചയിച്ചു നൽകിയിട്ടുള്ള ഭൂമിയുടെ വിലയായ 55.77 കോടി രൂപയും കമ്പനിയിലുള്ള സർക്കാരിന്റെ ഓഹരി മൂലധനമാണ്.

(ഡി - എഫ്) കമ്പനിയുടെ 49% ഓഹരി സമാഹരിക്കുന്നതിന് അറേഞ്ചേഴ്സായി SBI Capital Markets-നെ തെരഞ്ഞെടുത്തിട്ടുണ്ട്. അവരുമായി കരാറിൽ ഒപ്പുവയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. 49% ഓഹരികൾ സ്വകാര്യ വ്യക്തികൾ, ധനകാര്യ സ്ഥാപനങ്ങൾ, ഐ.ടി. കമ്പനികൾ, പ്രവാസികൾ, മറ്റുള്ളവർ എന്നിവരിൽ നിന്നാണ് സ്വരൂപിക്കുന്നത്.

(ജി) പരിഗണനയിലില്ല.

ഹെവിമെയിന്റനൻസ് പദ്ധതി പ്രകാരമുള്ള പുനരുദ്ധാരണ പ്രവൃത്തികൾ

6 (*606) ശ്രീ. എം. പ്രകാശൻ മാസ്റ്റർ :
ശ്രീ. കെ. സി. കുഞ്ഞിരാമൻ :
ശ്രീ. എ. സി. മൊയ്തീൻ :
ശ്രീ. സി. കെ. പി. പത്മനാഭൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്തു വകുപ്പിന്റെ കീഴിലുള്ള റോഡുകളിൽ ഹെവി മെയിന്റനൻസ് പദ്ധതി പ്രകാരം പുനരുദ്ധാരണ പ്രവൃത്തികൾ നടത്തുന്നുണ്ടോ ;

(ബി) ഇതിനകം എത്ര കിലോമീറ്റർ റോഡുകളിൽ ഹെവി മെയിന്റനൻസ് നടത്തിയിട്ടുണ്ട് ;

(സി) ഹെവി മെയിന്റനൻസ് നടത്തുന്നതുമൂലം ഉണ്ടാകുന്ന നേട്ടങ്ങൾ എന്തെല്ലാമാണ് ;

(ഡി) കെ.എസ്.ടി.പി. ഒന്നാം ഘട്ടത്തിൽ ഈ പദ്ധതി പ്രകാരം എത്ര കിലോമീറ്റർ റോഡ് നിർമ്മിച്ചിട്ടുണ്ട് ;

(ഇ) സംസ്ഥാനത്തെ റോഡുകളുടെ അറ്റകുറ്റപ്പണികൾ പൂർത്തിയായിട്ടുണ്ടോ ; പുതിയ നടപടിക്രമം ആവിഷ്ക്കരിച്ചതിനുശേഷം ഇതിനായി എത്ര കോടി രൂപ ചെലവഴിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ?

ധനകാര്യ വകുപ്പുമന്ത്രി (ഡോ. തോമസ് ഐസക്) :

(എ) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly